**പ്രതികരണം**

റഹ്‌മാന്‍ മധുരക്കുഴി

# ജമാഅത്തും സോളിഡാരിറ്റിയും ആരുടെ പക്ഷം?

**രാജ്യത്തെ** സുസംഘടിത ഇസ്‌ലാമിക പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമിയും കേരളത്തിലെ അതിന്റെ യുവജന വിഭാഗമായ സോളിഡാരിറ്റിയും കഴിഞ്ഞ ലോക്‌സഭാ തെരഞ്ഞെടുപ്പില്‍ സ്വീകരിച്ച സുചിന്തിതമായ നിലപാട് പരക്കെ ശ്രദ്ധിക്കപ്പെടുകയും പൊതുവെ അംഗീകരിക്കപ്പെടുകയും ചെയ്യുകയുണ്ടായി. “സാര്‍വദേശീയ-ദേശീയ പ്രശ്നങ്ങളില്‍ കാഴ്ചപ്പാടുള്ള, വ്യക്തമായ രാഷ്ട്രീയ നിലപാടുള്ള, ആലോചിച്ച് തീരുമാനമെടുക്കുന്ന സംഘടന” എന്നാണ് സി.പി.എം ജനറല്‍ സെക്രട്ടറി പിണറായി വിജയന്‍ ജമാഅത്തിനെ വിലയിരുത്തിയത്. “ഏതെങ്കിലും പാര്‍ട്ടിയെ പിന്തുണച്ച് അംഗീകാരമോ ആവശ്യങ്ങളോ നേടിയെടുക്കുക ലക്ഷ്യമല്ല എന്ന് പ്രഖ്യാപിക്കാന്‍ ആര്‍ജവം കാണിക്കുന്ന സംഘടന” എന്നാണ് ഒരു പ്രശസ്ത മാധ്യമപ്രവര്‍ത്തകന്‍ പ്രസ്ഥാനത്തെ പ്രശംസിച്ചിരിക്കുന്നത് (*തേജസ്* 11.4.09). “പാര്‍ശ്വവത്കരിക്കപ്പെടുന്നവരുടെ ജനകീയ സമരങ്ങള്‍ വിമോചനത്തിന്റെ പാതയൊരുക്കും എന്ന് വിശ്വസിക്കുന്ന യുവജന പ്രസ്ഥാനം” എന്ന് ജമാഅത്തിന്റെ പോഷക സംഘടനയായ സോളിഡാരിറ്റിയെ വിശേഷിപ്പിക്കുന്ന ഇടതുപക്ഷ സഹയാത്രികനായ പി. സുരേന്ദ്രന്‍ (*മംഗളം* 9.4.09) പക്ഷേ, “തെരഞ്ഞെടുപ്പില്‍ അവര്‍ എടുത്ത നിലപാട് വികസനത്തിന്റെ പേരില്‍ ഇരകളാക്കപ്പെടുന്ന ജനതക്കൊപ്പമല്ല; മറിച്ച് മതത്തിനൊപ്പമാണെ”ന്ന് കുറ്റപ്പെടുത്തുകയാണ്.

ഇന്ത്യന്‍ പാര്‍ലമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പില്‍, രാജ്യത്തിന്റെ സുരക്ഷയും സ്വാതന്ത്ര്യവും വിദേശശക്തികള്‍ക്ക് അടിയറവെക്കുകയും വര്‍ഗീയ ഫാഷിസത്തോട് ഐക്യപ്പെടുകയും ദേശവിരുദ്ധ പ്രവര്‍ത്തനങ്ങളെ പ്രമോട്ട് ചെയ്യുകയും ചെയ്യുന്ന പാര്‍ട്ടികളെ പരാജയപ്പെടുത്താന്‍ ശ്രമിക്കുന്ന രാജ്യസ്നേഹപരമായ നിലപാടാണ് സോളിഡാരിറ്റിയും മാതൃസംഘടനയായ ജമാഅത്തെ ഇസ്‌ലാമിയും സ്വീകരിച്ചിരിക്കുന്നത്. സാമ്രാജ്യത്വത്തിനും വര്‍ഗീയ ഫാഷിസത്തിനുമെതിരെ ശക്തമായി നിലകൊള്ളുന്ന ഇടതുപക്ഷ പാര്‍ട്ടികള്‍ക്ക് പിന്തുണ നല്‍കാന്‍ ജമാഅത്തും സോളിഡാരിറ്റിയും നിര്‍ബന്ധിതമായ സാഹചര്യം മറ്റൊന്നല്ല. വികസനത്തിന്റെ പേരില്‍ ഇരകളാക്കപ്പെട്ടവര്‍ക്കൊപ്പം മാത്രമല്ല ഇറാന്‍, ഇറാഖ്, അഫ്ഗാനിസ്താന്‍ തുടങ്ങിയ രാഷ്ട്രങ്ങളില്‍ കിരാത വാഴ്ചയിലൂടെയും ക്രൂരമായ നരഹത്യകളിലൂടെയും ഇരകളാക്കപ്പെട്ട ജനതതികളോടുള്ള ഐക്യദാര്‍ഢ്യമാണ് പ്രസ്ഥാനം ലോക്‌സഭാ തെരഞ്ഞെടുപ്പില്‍ സ്വീകരിച്ച നിലപാടിലൂടെ പ്രതിഫലിച്ചത്.

“ഇസ്‌ലാമിക പ്രസ്ഥാനങ്ങള്‍ തെരഞ്ഞെടുപ്പില്‍ മതത്തിനൊപ്പം നിന്നു” എന്ന സുരേന്ദ്രന്റെ വാദം നൂറുശതമാനം സത്യമാണ്. ഇസ്‌ലാമിക പ്രസ്ഥാനങ്ങള്‍ വിശ്വാസമര്‍പ്പിച്ച മതം വേട്ടക്കാര്‍ക്കൊപ്പമല്ല, ഇരകള്‍ക്കൊപ്പം നില്‍ക്കാനാണ് അവരെ പഠിപ്പിച്ചത്. മര്‍ദകപക്ഷത്ത് നിലകൊള്ളാനല്ല, മര്‍ദിതരുടെ കൂടെ നില്‍ക്കാനാണ്. സ്വേഛാധിപത്യത്തിനെതിരെ ജനാഭിലാഷത്തിന്റെ കൂടെ നില്‍ക്കാനാണ്. അക്രമിയായ ഭരണാധികാരിയുടെ മുമ്പില്‍ സത്യം തുറന്നുപറയുന്നതാണ് ഏറ്റവും വലിയ ധര്‍മസമരം എന്ന് മതം അവരെ പഠിപ്പിക്കുമ്പോള്‍, സാമ്രാജ്യത്വത്തിനും ഫാഷിസത്തിനും രാജ്യത്തെ അടിയറവെക്കുന്ന ഭരണാധികാരികള്‍ക്കെതിരെ രംഗത്തു വരാതിരിക്കാന്‍ അവര്‍ക്കാവുമോ? “ഭൂമിയില്‍ മര്‍ദിക്കപ്പെടുകയും അടിച്ചമര്‍ത്തപ്പെടുകയും ചെയ്യുന്ന ജനങ്ങള്‍ക്ക് വേണ്ടി നിങ്ങളെന്തുകൊണ്ട് സമരസജ്ജരായി രംഗത്ത് വരുന്നില്ലെന്ന്” വിശുദ്ധഖുര്‍ആന്‍ ചോദിക്കുമ്പോള്‍ അവര്‍ക്കെങ്ങനെയാണ് മതത്തിന്റെ പക്ഷത്ത് നില്‍ക്കാതിരിക്കാന്‍ കഴിയുക?

ഭാവിയില്‍ ഏത് മുന്നണിരാഷ്ട്രീയത്തില്‍ കയറിപ്പറ്റാം എന്ന് സോളിഡാരിറ്റി സ്വപ്നം കാണുന്നുവത്രെ! ഏതെങ്കിലും പാര്‍ട്ടിയെ പിന്തുണച്ച് അംഗീകാരമോ ആവശ്യങ്ങളോ നേടിയെടുക്കുക ലക്ഷ്യമല്ല എന്ന് പ്രഖ്യാപിക്കാന്‍ ആര്‍ജവം കാണിച്ച സംഘടന എന്ന് നടേ പറഞ്ഞ മാധ്യമപ്രവര്‍ത്തകന്റെ വിലയിരുത്തല്‍ സുരേന്ദ്രന്റെ വാദം പൊള്ളയാണെന്ന് തെളിയിക്കുന്നതാണ്. ദേശീയ-അന്തര്‍ദേശീയ വിഷയങ്ങളില്‍ വ്യക്തമായ കാഴ്ചപ്പാടോടെ തെരഞ്ഞെടുപ്പില്‍ നിലപാട് സ്വീകരിക്കുന്ന സംഘടന എന്ന പിണറായിയുടെ നിരീക്ഷണവും, ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ നിലപാട് മുന്നണി രാഷ്ട്രീയത്തില്‍ കയറിപ്പറ്റാനുള്ള സ്വപ്നത്തിന്റെ ഭാഗമാണെന്ന വാദത്തെയാണ് ഖണ്ഡിക്കുന്നത്. ‘ഞങ്ങളെ സഹായിക്കുന്നവര്‍ക്കും ഞങ്ങളുടെ ആവശ്യങ്ങള്‍ സാധിച്ചുതരുന്നവര്‍ക്കും ഞങ്ങളുടെ വോട്ട്’ എന്ന ജാതി-മത സംഘടനകളുടെ സങ്കുചിത, വിഭാഗീയ, സ്വാര്‍ഥ താല്‍പര്യങ്ങളുടെ കുതിരപ്പുറത്ത് കയറിയല്ല ജമാഅത്തും സോളിഡാരിറ്റിയും പാര്‍ട്ടികളെ പിന്തുണക്കുന്നത്; മറിച്ച് വ്യക്തമായ നയനിലപാടുകളുടെ അടിസ്ഥാനത്തിലാണ്. മുന്നണിരാഷ്ട്രീയത്തില്‍ പങ്കാളിത്തം സ്വപ്നം കാണുന്നു എന്ന ആരോപണം ജമാഅത്തും സോളിഡാരിറ്റിയും പ്രതിനിധാനം ചെയ്യുന്ന ആദര്‍ശ രാഷ്ട്രീയത്തിന്റെ സവിശേഷതയെക്കുറിച്ച അജ്ഞതയില്‍നിന്ന് ഉടലെടുത്തതും പാര്‍ലമെന്ററി വ്യാമോഹത്തിന്റെ തടവറയിലെ അംഗമായ ഒരു രാഷ്ട്രീയക്കാരന്റെ സ്വാഭാവിക പ്രതികരണവുമത്രെ. ■